കോഴിക്കോട് വി.റ്റി.സി.യിൽ നടത്തുന്ന തൊഴിലധിഷ്ഠിത കോഴ്സുക ളുടെ വിവരം ചുവടെ ചേർക്കുന്നു.

കോഴ്സ്	കാലയളവ്
1. ലതർ വർക്സ്	2 വർഷം
2. ബുക്ക് ബയന്റിംഗ്	2 വർഷം
3. DTP	6 മാസം
4. Computer Hardware	6 മാസം

(ഡി) തിരുവനന്തപുരം വി.റ്റി.സി.യിൽ ഇന്ത്യാ ഗവൺമെന്റിന്റെ മിനിസ്ട്രി ഓഫ് ടെക്സ്റ്റൈൽസ് സ്പോൺസേർഡ് സ്ഥാപനമായ ATDC എന്ന സ്ഥാപനവുമായി ചേർന്ന് ഫാഷൻ ഡിസൈനിംഗ് കോഴ്സ് 19-7-2010-ൽ ആരംഭിക്കുന്നു. ഫാഷൻ ഡിസൈനിംഗിൽ അഭിരുചിയുള്ള 17-നും 25-നും ഇടയിൽ പ്രായമുള്ള 12-ാം ക്ളാസ് പാസ്സായ 10 വികലാംഗർക്കാണ് സൗജന്യമായി കോഴ്സിൽ പ്രവേശനം നൽകുന്നത്.

(ഇ) തൊഴിലധിഷ്ഠിത കേന്ദ്രത്തിൽ ജനറൽ കോഴ്സിന് പഠിക്കുന്ന, കുടുംബ വാർഷിക വരുമാനം 24,000 രൂപയിൽ അധികരിക്കാത്ത പഠിതാക്കൾക്ക് പ്രതിമാസം 300 രൂപ വീതം സ്റ്റൈപ്പെന്റ് നൽകുന്നു.

(എഫ്) ഇല്ല.

(ജി) വികലാംഗർക്കായി എല്ലാ ജില്ലകളിലും പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്ന വിഷയം ആലോചിച്ചുവരുന്നു.

(എച്ച്) ഈ കോഴ്സുകളിൽ ചേർന്ന് പഠിക്കുന്നവർക്ക് തൊഴിൽ ലഭ്യമാക്കാൻ പരമാവധി ശ്രമിക്കുന്നുണ്ട്.

മലപ്പുറത്ത് ഫുട്ബോൾ അക്കാദമിയും സ്പോർട്ട്സ് കോംപ്ലക്സും സ്ഥാപിക്കാൻ നടപടി

17 (*527) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. പി. വിശ്വൻ:
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുട്ബോൾ കളി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചി ട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) മലപ്പുറത്ത് ഫുട്ബോൾ അക്കാദമിയും അതോടൊപ്പം ഒരു സ്പോർട്ട്സ് കോംപ്ലക്സും സ്ഥാപിക്കുന്നതിനുള്ള നടപടിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതിക്ക് എത്ര കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു ;

(ഡി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ തുക എങ്ങനെ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) സ്കൂളുകളിൽ കുട്ടികൾക്ക് ശാസ്ത്രീയ ഫുട്ബോൾ പരിശീലനം നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ ഫുട്ബോൾകളി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2008-09 അദ്ധ്യയന വർഷം മുതൽ വിഷൻ ഇന്ത്യ കേരള പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി ആദ്യവർഷത്തിൽ (2008-09) തിരുവനന്തപുരം, തൃശൂർ, എറണാകുളം, പത്തനംതിട്ട, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കി. നടപ്പ് സാമ്പത്തിക വർഷം മറ്റ് ജില്ലകളിൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ, ജില്ലാതല മത്സര വിജയികളെ സംഘടിപ്പിച്ചുകൊണ്ട് 2009 മെയ് മാസത്തിൽ എറണാകുളത്ത് വച്ച് ആദ്യത്തെ സംസ്ഥാനതല ചാമ്പ്യൻഷിപ്പ് സംഘടിപ്പിക്കുകയും ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കിയ സ്കൂളുകൾക്ക് യഥാക്രമം 1 ലക്ഷം രൂപയും ട്രോഫിയും 50,000 രൂപയും ട്രോഫിയും 25,000 രൂപയും ട്രോഫിയും നൽകുകയുണ്ടായി. വിഷൻ ഇന്ത്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 91 സ്കൂളുകളിൽ പരിശീലനം നൽകിവരുന്നു. ഇതിനു പുറമെ, കേരള ഫുട്ബോൾ കളിയുടെ വികസനത്തെക്കുറിച്ച് ആഴത്തിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആൾ ഇന്ത്യ നാഷണൽ ലീഗ് മത്സരത്തിൽ ഫസ്റ്റ് ഡിവിഷനിൽ എത്തുന്ന കേരള ടീമുകൾക്ക് 20 ലക്ഷം രൂപ വീതം നൽകി വരുന്നു. കൂടാതെ, മലപ്പുറം ജില്ലയിലെ മഞ്ചേരിയിൽ ഒരു ഫുട്ബോൾ അക്കാഡമി സ്ഥാപിക്കുന്നതിന് ഒരു കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) മലപ്പുറത്ത് ഫുട്ബോൾ അക്കാഡമി സ്ഥാപിക്കുന്നതിനുള്ള ശിലാ സ്ഥാപനം കഴിഞ്ഞു.

(സി) ഈ പദ്ധതിക്ക് 51.5 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

(ഡി) സംസ്ഥാന സർക്കാരിന്റെ ഫണ്ട്, എം.പി, എം.എൽ.എ. മാരുടെ ഫണ്ടുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് എന്നിവയിൽ നിന്നും ആവശ്യമായ തുക സമാഹരിക്കുവാൻ ഉദ്ദേശിക്കുന്നു.

(ഇ) ഉണ്ട്. വിശദാംശം എ- പിരിവിൽ കൊടുത്തിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly